## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6791

04.04.2018-ൽ
മറുപടിയ്ക്ക്

## സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. കെ. രാജൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണ സാമഗ്രികളുടെ ഉയർന്ന വിലയും അവ യഥാസമയം ലഭ്യമാകാത്തതുമായ സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും, ദൗർലഭ്യവുമാണ് ഇന്ന് നിർമ്മാണ മേഖല പ്രത്യേകിച്ചും ഭവനനിർമ്മാണ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പ്രകൃതി വിഭവങ്ങളായ മണൽ, ചല്ലി എന്നിവയും സിമന്റ്, കമ്പി എന്നീ ഉൽപ്പന്നങ്ങളുടെ വിലയും ദിനം പ്രതി വർദ്ധിച്ചുവരുകയാണ്. ശുദ്ധമായ മണൽ ലഭ്യവുമല്ല. |
| (ബി) ഇക്കാര്യത്തിൽ ഭവനനിർമ്മാണ ബോർഡിന് എന്തൊക്കെ തരത്തിലുള്ള പരിഹാരമാർഗ്ഗങ്ങളാണ് മുന്നോട്ട് വയ്ക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഭവന നിർമ്മാണ ബോർഡ് ശാസ്ത്രീയമായ രീതിയിലാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ എറണാകുളം ചോറ്റാനിക്കരയിലെ സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ചെലവു കുറഞ്ഞ പ്രീഫാബ് സാങ്കേതിക വിദ്യയാണ് അവലംബിച്ചത്. |
| (സി) ഭവനനിർമ്മാണ സാമഗ്രികൾ വിലകുറച്ച് നൽകുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | (സി) ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br>1) നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രങ്ങൾ എന്ന നിലയിൽ സംസ്ഥാന |

| | | |
|---|---|---|
| | | നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 'കലവറകൾ' ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും 750 ചതുശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താവിന് സിമന്റ്, കമ്പി എന്നിവ പൊതു വിപണിയിലെ വിലയേക്കാൾ 15% സൗജന്യ നിരക്കിൽ നൽകി വരുന്നു. ഒരു വ്യക്തിക്ക് പരമാവധി 500 കിലോഗ്രാം കമ്പികളും 50 ബാഗ് സിമന്റും കലവറകളിൽ നിന്നും ലഭിക്കുന്നതാണ്. നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 13 കലവറകൾ പ്രവർത്തിച്ച വരുന്നു.<br><br>2) ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 8 പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>3) ചെലവുകുറഞ്ഞ നൂതന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ഡി) | ഹൗസിംഗ് ബോർഡിന്റെ 'ഗൃഹശ്രീ' (ഡി) പദ്ധതി പ്രകാരം ദുർബല ജനവിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ; | സംസ്ഥാന സർക്കാർ കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് സബ്സിഡിയോടെ 'ഗൃഹശ്രീ' എന്ന പേരിൽ ഭവനനിർമ്മാണ ബോർഡ് മുഖേന ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള / റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം / താഴ്ന്ന വരുമാന വിഭാഗത്തിൽ- പ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ |

സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടനയനുസരിച്ച് വീട് നിർമ്മാണ ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ സ്പോൺസറിന്റെ വിഹിതവും ഉൾപ്പെടെ 3 ലക്ഷം രൂപ ആനുകൂല്യമായി ലഭിക്കുന്നു.

| | | | |
|---|---|---|---|
| (ഇ) | ലക്ഷം വീട് കോളനികളിലെ കാലപ്പഴക്കത്താൽ തകർന്ന വീടുകൾ, കോളനികളിലേക്കുള്ള റോഡ്, പശ്ചാത്തല സൗകര്യം എന്നിവ പുനർനിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) | എം.എൻ. ലക്ഷം വീട് കോളനികളിലെ കാലപ്പഴക്കത്താൽ തകർന്ന വീടുകൾ, കോളനികളിലേക്കുള്ള റോഡ്, പശ്ചാത്തല സൗകര്യം എന്നിവ പുനർനിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ്/ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| (എഫ്) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ; ഈ ഭൂമി ഉപയോഗപ്പെടുത്തി ഫ്ലാറ്റുകൾ നിർമ്മിച്ച് വില്ക്കാനും, വാടകയ്ക്ക് നൽകാനും മറ്റേതെങ്കിലും തരത്തിൽ ഉപയുക്തമാക്കുവാനും നടപടി സ്വീകരിക്കുമോ? | (എഫ്) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശം 42.9833 ഹെക്ടർ സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ട്. ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് വിൽക്കാനും വാടകയ്ക്ക് നൽകാനും മറ്റ് ഉപയോഗപ്രദമായ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യങ്ങളും പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ